പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 4133 — 12.11.2019 ലെ മറുപടിയ്ക്ക്

## പള്ളുരുത്തി സബ്‌ട്രഷറി ഓഫീസിലെ സ്ഥലപരിമിതിയ്ക്ക് പരിഹാരം

**ചോദ്യം**

ശ്രീ.ജോൺ ഫെർണാണ്ടസ്

**ഉത്തരം**

ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | എറണാകുളം പള്ളുരുത്തി സബ് ട്രഷറി ഓഫീസിലെ സ്ഥല സൗകര്യങ്ങൾ കുറവായതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | കെട്ടിടത്തിൽ കൂടുതൽ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനാവാശ്യമായ സ്ഥലസൗകര്യം ലഭ്യമല്ല. ട്രഷറി അങ്കണത്തോട് ചേർന്നുള്ള സ്ഥലം ഷീറ്റിട്ട് പെൻഷൻകാർക്കും ഇടപാടുകാർക്കും ആവശ്യമായ വിശ്രമ സ്ഥലം ഒരുക്കിയിട്ടുണ്ട്. അതിൽ ആവശ്യമായ കസേരകളും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ട്രഷറി സ്ഥാപിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുണ്ടോ; എങ്കിൽ ഇത് എവിടെയാണെന്ന് വ്യക്തമാക്കാമോ? | കൊച്ചി താലൂക്കിൽ പള്ളുരുത്തി വില്ലേജിൽ റീ സർവ്വേ 616/2, 616/10 എന്നീ നമ്പറുകളിൽ ഉള്ള 5.5 സെന്റ് സ്ഥലം ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിനായി കണ്ടെത്തുകയും, ടി സ്ഥലം ട്രഷറി വകുപ്പിന് കൈമാറ്റം ചെയ്യാനുള്ള അപേക്ഷ വകുപ്പ് ജില്ലാ കളക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം കൈമാറികിട്ടിയാലുടൻ തന്നെ, ട്രഷറി അടിസ്ഥാന വികസന പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്തി, പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ